**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2233** **13-09-2023 - ൽ മറുപടിയ്ക്ക്**

**ലോക്ഡൗൺ നിയന്ത്രണങ്ങൾ ലംഘിച്ചതിനും മാസ്ക് ധരിക്കാത്തതിനുമായി എടുത്ത കേസ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കോവിഡ്-19 വ്യാപനത്തെ തുടർന്നുള്ള ലോക്ഡൗൺ നിയന്ത്രണങ്ങൾ ലംഘിച്ചതിനും മാസ്ക് ധരിക്കാത്തതിനുമായി എടുത്ത കേസ്സുകൾ പിൻവലിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | കോവിഡ്-19 മാനദണ്ഡങ്ങൾ ലംഘിച്ചതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത ഗൗരവതരമല്ലാത്ത കേസുകൾ ക്രിമിനൽ നടപടി സംഹിതയിലെ സെക്ഷൻ 321-ാം വകുപ്പ് പ്രകാരം പിൻവലിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി **സ.ഉ.(സാധാ)നം. 3326/2022/ആഭ്യന്തരം തീയതി 24.11.2022 നമ്പർ സർക്കാർ ഉത്തരവ്** പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം IPC 188,269,290 വകുപ്പുകൾ പ്രകാരവും കേരള പോലീസ് ആക്ടിലെ 118(e)വകുപ്പ് പ്രകാരവും, കേരള എപിഡമിക് ഡിസീസസ് ഓർഡിനൻസ് ആക്ടിലെ 4 (2)(a) to 4 (2)(j) വരെ വകുപ്പുകളും ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ട് പ്രകാരവും രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ, ബഹു.സുപ്രീം കോടതിയുടെ 28.07.2021 ലെ The State of Kerala Vs. K.Ajith (SLP(crl) No.4009/2021/Crl Appeal No.697/2021എന്ന വിധി ന്യായത്തിൽ പ്രതിപാദിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് ക്രിമിനൽ നടപടിയിലെ ചട്ടം 321 പ്രകാരം, ബന്ധപ്പെട്ട കോടതിയുടെ അനുമതിയോടുകൂടി പിൻവലിക്കാൻ സംസ്ഥാനത്തെ എല്ലാ ജില്ലാ പോലീസ് മേധാവിമാരുടെയും പബ്ലിക് പ്രോസിക്യൂട്ടർമാരുടെയും മേൽനോട്ടത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | എങ്കിൽ എത്ര കേസ്സുകൾ പിൻവലിച്ചിട്ടുണ്ടെന്ന് ജില്ലാ അടിസ്ഥാനത്തിലുള്ള കണക്ക് വിശദമാക്കാമോ? | (ബി) | നാളിതുവരെ **59146** കേസുകൾ പിൻവലിച്ചിട്ടുണ്ട്. പിൻവലിച്ച കേസുകളുടെ ജില്ല തിരിച്ചുള്ള വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം | ജില്ല | കോവിഡ്-19 വ്യാപനത്തെ തുടർന്നുള്ള ലോക്ഡൗൺ നിയന്ത്രണങ്ങൾ ലംഘിച്ചതിനും മാസ്ക് ധരിക്കാത്തതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തവയിൽ പിൻവലിച്ച കേസുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം സിറ്റി | 6139 |
| 2 | തിരുവനന്തപുരം റൂറൽ | 24814 |
| 3 | കൊല്ലം സിറ്റി | 2167 |
| 4 | കൊല്ലം റൂറൽ | 1068 |
| 5 | പത്തനംതിട്ട | 6694 |
| 6 | ആലപ്പുഴ | 112 |
| 7 | കോട്ടയം | 563 |
| 8 | ഇടുക്കി | 9185 |
| 9 | എറണാകുളം സിറ്റി | 1880 |
| 10 | എറണാകുളം റൂറൽ | 5011 |
| 11 | തൃശ്ശൂർ സിറ്റി | 202 |
| 12 | തൃശ്ശൂർ റൂറൽ | 122 |
| 13 | പാലക്കാട് | 0 |
| 14 | മലപ്പുറം | 0 |
| 15 | കോഴിക്കോട് സിറ്റി | 676 |
| 16 | കോഴിക്കോട് റൂറൽ | 410 |
| 17 | വയനാട് | 0 |
| 18 | കണ്ണൂർ സിറ്റി | 99 |
| 19 | കണ്ണൂർ റൂറൽ | 1 |
| 20 | കാസറഗോഡ് | 0 |
| * | റെയിൽവെ | 3 |
| | **ആകെ** | **59146** |

സെക്ഷൻ ഓഫീസർ